ഉത്തരം

(എ), (ബി) & (സി) 1998-ൽ ഒപ്പുവച്ച ധാരണാപത്രത്തിൽ ധനസഹായത്തിന്റെ തുക, ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 1997 ഡിസംബർ 23-ന് എസ്.എൻ.സി. ലാവലിൻ സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. ക്ലാസ്ട്രിൻഡിൽ അന്നത്തെ വൈദ്യുതി ബോർഡ് ചെയർമാൻ ഡോ. വി. രാജഗോപാലിന് അയച്ച കത്തിൽ 103 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കാമെന്ന് വ്യക്തമാക്കിയിരുന്നു. ഈ പദ്ധതി പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പുനരുദ്ധാരണ പദ്ധതിയോട് നേരിട്ട് ബന്ധപ്പെട്ട താണെന്നും ഇവ രണ്ടും ഒരുമിച്ച് (concurrently) തന്നെ ചെയ്യേണ്ടതാണെന്നും അറിയിച്ചിരുന്നു. കാനഡയിലെ എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപറേഷനും (EDC) എസ്. എൻ. സി. ലാവ്‌ലിനും തമ്മിൽ ലോൺ എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് തുക ലഭ്യമാക്കാമെന്ന് ഉറപ്പു നൽകുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. 1997 ജനുവരി 9-ന് അന്നത്തെ വൈദ്യുതി വകുപ്പു മന്ത്രിക്ക് കനേഡിയൻ ഹൈക്കമ്മീഷണർ എസ്. ഇ. ഗൂച്ച് അയച്ച കത്തിൽ പള്ളിവാസൽ, പന്നിയാർ, ചെങ്കുളം നവീകരണ പദ്ധതിയോടനുബന്ധമായി മലബാർ കാൻസർ സെന്ററിനുള്ള സഹായം എസ്. എൻ. സി. ലാവ്‌ലിൻ സമാഹരിച്ചുകൊണ്ടിരിക്കുന്നതായി മനസ്സിലാക്കുന്നു എന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ ഇക്കാര്യങ്ങളെപ്പറ്റി നവീകരണ കരാറിൽ പരാമർശിച്ചതായി കാണുന്നില്ല.

(ഡി) എസ്. എൻ. സി. ലാവ്‌ലിന്റെ സംഭാവന കൂടാതെ കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് (CIDA) ഏജൻസി ക്യൂബക് ഗവൺമെന്റ്, മറ്റ് സഹായദാതാക്കൾ എന്നിവരിൽ നിന്നും പണം സമാഹരിച്ച് നൽകാമെന്നാണ് അറിയിച്ചിരുന്നത്.

(ഇ) കനേഡിയൻ ഹൈക്കമ്മീഷൻ കത്തയച്ചിരുന്നു. കനേഡിയൻ ധനകാര്യ ഏജൻസിയായ 'സിഡ' 1.8 മില്യൺ ഡോളർ എസ്. എൻ. സി. ലാവ്‌ലിന് നൽകിയെന്നും ധാരണയനുസരിച്ചുള്ള പൂർണ്ണ ഉത്തരവാദിത്തം നിറവേറ്റിയിട്ടുണ്ടെന്നും ഈ വിഷയത്തിൽ കൂടുതൽ അന്വേഷണങ്ങളും ധനസഹായ അഭ്യർത്ഥനയും എസ്. എൻ. സി./ലാവ്‌ലിനുമായി നേരിട്ടു നടത്തണമെന്നും ഹൈക്കമ്മീഷണർ അറിയിക്കുകയുണ്ടായി. അതിൻ പ്രകാരം എസ്. എൻ. സി. ലാവ്‌ലിന് 15-11-2005-ലും 17-1-2006-ലും കത്തുകളയച്ചിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ നദികളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച പദ്ധതികൾ

62 [363] ശ്രീ. കെ. മുഹമ്മദാലി:
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പമ്പ-അച്ചൻകോവിൽ നദികളിൽ ഇരട്ടകല്ലാർ പദ്ധതി സ്ഥാപിക്കുവാൻ കെ. എസ്. ഇ. ബി.-ക്ക് പരിപാടിയുണ്ടായിരുന്നുവോ;

(ബി) പമ്പ - അച്ചൻകോവിൽ നദികളിൽ അച്ചൻകോവിൽ നദികളിൽ അച്ചൻകോവിലാർ, വക്കലാർ, ചെളിക്കല്ലാർ എന്നീ പദ്ധതികൾക്ക് ഉള്ള പ്രോജക്ട് റിപ്പോർട്ട് കെ. എസ്. ഇ. ബി. തയ്യാറാക്കിയിരുന്നുവോ;

(സി) ഇവ കേന്ദ്രാനുമതിക്ക് അയച്ചുവോ; ഈ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) അച്ചൻകോവിൽ പദ്ധതിയുടെ (30 മെഗാ വാട്ട്) കരട് പ്രോജക്ട് റിപ്പോർട്ട് (Draft DPR) തയ്യാറാക്കിയിട്ടുണ്ട്. ഇത് ഇപ്പോൾ വൈദ്യുതി ബോർഡിന്റെ DPR അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയിലാണ്. ചെളിക്കല്ലാർ (15 മെഗാ വാട്ട്), വക്കലാർ (20 മെഗാ വാട്ട്) എന്നീ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവ്വേയും അനുബന്ധ ജോലികളും പൂർത്തിയായി വരുന്നു.

(സി) പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) വൈദ്യുതി ബോർഡും, സംസ്ഥാന സർക്കാരും അംഗീകരിച്ചതിനുശേഷമേ ഇക്കാര്യത്തിൻമേൽ മേൽ നടപടികൾ സ്വീകരിക്കാൻ പറ്റുകയുള്ളു.

മണ്ണാർക്കാട് മണ്ഡലത്തിലെ വർക്കുകൾ

63 [364] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് എ. ഇ. ഓഫീസിനു കീഴിൽ എത്ര വർക്കുകൾ ടെണ്ടർ ചെയ്യാനുണ്ട്;

(ബി) ടെണ്ടർ ചെയ്ത എത്ര വർക്കുകളുടെ പണി പൂർത്തിയാക്കാനുണ്ട്;

(സി) ജില്ലാ കളക്ടർ ഓഫീസിൽ നിന്നും ഇതിലേക്ക് അനുവദിച്ച തുക ചെലവഴിക്കാതെയുണ്ടോ;

(ഡി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 52 വർക്കുകൾ.

(ബി) 17 വർക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly